(ബി) മുമ്പ് ഇത്തരം സ്ഥാപനങ്ങളിൽ ഉച്ചകഴിഞ്ഞും ഡോക്ടർമാരുടെ സേവനം ലഭിച്ചിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള പ്രവൃത്തി സമയം ഗ്രാമീണ മേഖലയിലെ രോഗികൾക്ക് പ്രയാസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും രോഗികൾക്ക് ലഭ്യമാക്കുന്നതരത്തിൽ പ്രവൃത്തി സമയം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള പി.എച്ച്.സി.കളുടെ പ്രവൃത്തി സമയം രാവിലെ 8 മണിമുതൽ 11.30 വരെയും ഉച്ചയ്ക്ക് 3.30 മുതൽ 5 മണിവരെയും ആണ്. എന്നാൽ ഉൾനാടൻ പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 8 മണി മുതൽ 1.30 വരെയാണ് പ്രവർത്തനസമയം. 11 മുതൽ 11.30 വരെ ഇടവേള ആയിരിക്കും. ആയുർവേദ/ഹോമിയോ ഡിസ്പൻസറികൾ രാവിലെ 8 മണിമുതൽ 1.30 വരെയാണ് പ്രവൃത്തിസമയം.

(ബി) ഉൾനാടൻ പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ 23-8-1994 ലെ ജി.ഒ(ആർ.ടി) 3518/94 ആ.വ എന്ന ഉത്തരവ് പ്രകാരം ഉച്ചയ്ക്ക് മേലുള്ള പ്രവൃത്തി സമയം മാറ്റിയിട്ടുണ്ട്. ഉച്ചകഴിഞ്ഞ് രോഗികൾ വരുന്നത് കുറവാണെന്ന് കണ്ടതിനാലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

റേഷൻ സാധനങ്ങൾക്ക് കേന്ദ്രം നൽകിവരുന്ന സബ്സിഡി

140 (144) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വിതരണം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കായി പരിമിതപ്പെടുത്താനും റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുവാനും കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) റേഷൻ സാധനങ്ങൾക്ക് കേന്ദ്രം നൽകിവരുന്ന സബ്സിഡി എടുത്തുകളയാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇതുമൂലം റേഷനരി, ഗോതമ്പ് എന്നിവയുടെ വില വർദ്ധിക്കുകയും കേരളത്തിൽ നിലനിൽക്കുന്ന പൊതുവിതരണ സമ്പ്രദായം തകരാൻ കാരണമാകുകയും ചെയ്യുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) റേഷൻ വിതരണത്തെ സംബന്ധിച്ച് ഈയിടെ കൂടിയ ദക്ഷിണേന്ത്യൻ ഭക്ഷ്യമന്ത്രിമാരുടെ സമ്മേളനത്തിൽ എന്തെല്ലാം തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇപ്പോൾ സംസ്ഥാനത്തെ റേഷൻ കടകളിൽ കൂടി വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾക്ക് കിലോയ്ക്ക് എത്ര രൂപ സബ്സിഡിയാണ് സർക്കാർ നൽകിവരുന്നത് ;

(ജി) ഈ ഇനത്തിൽ ഇതിനകം ചെലവഴിച്ച തുക എത്രയാണ് ;

(എച്ച്) സംസ്ഥാനത്തെ റേഷൻ സാധനങ്ങളുടെ വില വീണ്ടും വർദ്ധിപ്പിക്കുന്നതു മൂലം പരസ്യവിപണിയിൽ വില ക്രമാതീതമായി വർദ്ധിക്കാൻ ഇടയാകുമെന്നതു കണക്കിലെടുത്ത് മുൻകരുതൽ നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) സബ്സിഡി കഴിയുന്നത്ര കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിറുത്തി റേഷൻ വിതരണം പരിമിതപ്പെടുത്താനും റേഷൻ വില വർദ്ധിപ്പിക്കുവാനും ഉള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് ഗൗരവമായി പരിഗണിച്ചു വരികയാണ്. ഈ നിർദ്ദേശം മേഖലാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്തു വരുന്നു. അന്തിമതീരുമാനം ആയിട്ടില്ല.

(ഡി&ഇ) ഇക്കഴിഞ്ഞ ജനുവരി 31-ന് ബാംഗ്ലൂരിൽ വിളിച്ചുകൂട്ടിയ ദക്ഷിണമേഖലാ ഭക്ഷ്യവകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ കേന്ദ്ര ഗവൺമെന്റ് താഴെപറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു.

1. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്കു നൽകുന്ന അരിയുടെ അളവ് പ്രതിമാസം 10 കിലോ എന്നത് 15 കിലോ ആയി വർദ്ധിപ്പിക്കുക. അതോടൊപ്പം ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ള കുടുംബങ്ങൾക്ക് ഇതിന് ആനുപാതികമായ (35%) കുറവു വരുത്തുക.

2. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ വിഹിതം, ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്കു കുറവുവരുത്താതെ തന്നെ 15 കിലോ ആയി വർദ്ധിപ്പിക്കുക.

3. ദാരിദ്ര്യരേഖയ്ക്കു മേലേയുള്ളവർക്ക് അരി നൽകുന്നത് പൂർണ്ണമായും നിറുത്തലാക്കി, താഴെയുള്ളവർക്ക് പ്രതിമാസം 20 കിലോ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

4. ദാരിദ്ര്യരേഖയ്ക്കു മേലേയുള്ളവരെ പൊതുവിതരണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി, കേന്ദ്ര വിൽപ്പനവില വർദ്ധിപ്പിച്ച്, താഴെയുള്ളവർക്ക് പ്രതിമാസം 25 കിലോ നൽകുക. വിലവർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശം ഇപ്രകാരമാണ്.

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള അരി വില ഉപഭോക്താവിന് ഇപ്പോൾ കിലോയ്ക്ക് 4 രൂപ എന്നത് 6 രൂപയോ 6.50 രൂപയോ ആകും.

(ബി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് യഥാർത്ഥ വിലയോ (ഇക്കോണമിക് കോസ്റ്റ്) മാർക്കറ്റ് വിലയോ ഏതാണ് കുറവെന്നാൽ അത്. ഇത് നടപ്പിലാക്കാൻ ഉപഭോക്താവ് ഒരു കിലോ അരിക്ക് 12 രൂപയെങ്കിലും നൽകേണ്ടിവരും. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കൂടുതൽ അരി നൽകുന്നത് സ്വാഗതാർഹം തന്നെ ; എങ്കിലും ആ പേരു പറഞ്ഞ് കേന്ദ്രവിൽപ്പന വിലവർദ്ധിപ്പിക്കുന്നതും മറ്റ് വിഭാഗങ്ങൾക്കുള്ള വിഹിതം കുറയ്ക്കുന്നതിനും പൊതുവിതരണ സമ്പ്രദായത്തെ തകർക്കുകയും സാധാരണക്കാരന്റെ ജീവിതഭാരം ദുസ്സഹമാക്കുവാൻ ഇടയാക്കുകയും ചെയ്യുമെന്ന് കേരളം കാര്യകാരണ സഹിതം വ്യക്തമാക്കുകയുണ്ടായി. വില കൂട്ടരുതെന്നും ഗുണനിലവാരമുള്ള അരി നൽകണമെന്നും അന്തർ സംസ്ഥാന നിയന്ത്രണം എടുത്ത് കളയണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ തീരുമാനം കേന്ദ്രം അറിയിച്ചിട്ടില്ല.

(എഫ്) എല്ലാ കാർഡുടമകൾക്കും പ്രതിമാസം 16 കിലോ അരി, കിലോയ്ക്ക് 1 രൂപ കുറച്ച് നൽകുന്നു. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരായി കണ്ടെത്തിയിട്ടുള്ള മൊത്തം ജനസംഖ്യയുടെ 42% കുടുംബങ്ങൾക്കും പ്രതിമാസം 10 കിലോ അരി പകുതി വിലയ്ക്ക് (കിലോയ്ക്ക് 4 രൂപ) വച്ച് നൽകിവരുന്നു. ഇതിൽ കേന്ദ്രം അംഗീകരിച്ച 25% കഴിച്ച് ബാക്കി 17% കുടുംബങ്ങൾക്ക് നൽകുന്ന സബ്സിഡിയുടെ ബാധ്യത സംസ്ഥാന സർക്കാർ വഹിക്കുന്നു.

(ജി)

1996-1997	54.96 കോടി രൂപ
1997-1998	97.67 കോടി രൂപ
1998-1999	97.50 കോടി രൂപ
1999-2000 (14-2-2000 വരെ)	93.00 കോടി രൂപ

(എച്ച്) അത്തരമൊരു സാഹചര്യം ഉണ്ടാവുകയാണെങ്കിൽ സാധാരണ ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ആവശ്യം വേണ്ടുന്ന ഭക്ഷ്യധാന്യം ലഭ്യമാക്കുവാൻ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതാണ്. വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമായിരിക്കയില്ല.

LIBRARY ARCHIVES Kerala Legislative Assembly